നമ്പർ 304/2014/കൃഷി. തീയതി, 15-12-2014 പ്രകാരം സംഭരണ ഏജൻസികൾക്ക് കിലോയ്ക്ക് 6 രൂപ നിരക്കിൽ നൽകുന്ന കൈകാര്യതചെലവ് 9 രൂപയാക്കി ഉയർത്തിയിട്ടുണ്ട്. 2015-16-ൽ റബ്ബർ സംഭരണം ഊർജ്ജിതപ്പെടുത്തുന്നതിനായി സ.ഉ.(എംഎസ്.) നമ്പർ 41/2015 തീയതി 11-3-2015 പ്രകാരം കൃഷി വകുപ്പിന്റെ വിലസ്ഥിരതയ്ക്കുവേണ്ടി വിപണിയിടപെടൽ പദ്ധതി പ്രകാരം 1 കോടി രൂപ വീതം സംഭരണ ഏജൻസികളായ മാർക്കറ്റ് ഫെഡിനും, റബ്ബർ മാർക്കിനും അനുവദിച്ചു നൽകിയിട്ടുണ്ട്. 2014 ഡിസംബർവരെ റബ്ബർമാർക്കും മാർക്കറ്റ് ഫെഡും 1227.32 ടൺ റബ്ബർ സംഭരിച്ചിട്ടുണ്ട്.

റബ്ബർ കർഷകർ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുവാൻ കേന്ദ്ര സർക്കാരിന്റെ ഇടപെടൽ ആവശ്യമാണെന്ന് ബോദ്ധ്യപ്പെട്ടതിനാൽ സംസ്ഥാന സർക്കാർ, കേന്ദ്ര സർക്കാരിലേയ്ക്ക് നിവേദനം സമർപ്പിച്ചിട്ടുണ്ട്. സ്വാഭാവിക റബ്ബറിന്റെ ഇറക്കുമതി ചുങ്കം 20 ശതമാനമോ, കിലോയ്ക്ക് 30 രൂപയോ ഏതാണോ കുറവ് എന്നത് ഉയർത്തിക്കൊണ്ട് 25 ശതമാനമോ കിലോയ്ക്ക് 30 രൂപയോ ഏതാണോ കുറവ് എന്ന നിരക്ക് കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുണ്ട്.

പാട്ടകൃഷിക്കാർക്ക് ധനസഹായം

207 (1577) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) പാട്ടകൃഷി ചെയ്യുന്ന കർഷകർക്ക് കൃഷിക്ക് എന്തെല്ലാം സാമ്പത്തിക സഹായങ്ങളാണ് നൽകുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) പാട്ടകൃഷിക്കാർക്ക് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പയും ധനസഹായവും ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ?

ഉത്തരം

(എ) 2015-16-ലെ സമഗ്ര പച്ചക്കറി വികസന പദ്ധതി പ്രകാരം പച്ചക്കറി കൃഷി ചെയ്യുന്നതിന് അനുയോജ്യമായ ഒരു ഹെക്ടർ സ്ഥലത്ത് പാട്ടത്തിന് ഭൂമി എടുത്ത് കൃഷിചെയ്യുന്ന ആളിന് 25,000 രൂപ ധനസഹായവും ഭൂവുടമയ്ക്ക് ഹെക്ടറിന് 5,000 രൂപ ധനസഹായവും നൽകിവരുന്നു. 2015-16 വർഷത്തേയ്ക്കായി പാട്ടകൃഷി ചെയ്യുന്ന നെൽകർഷകർക്ക് കൃഷി വകുപ്പിൽനിന്നും സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിനുള്ള പദ്ധതി അനുവദിച്ചിട്ടില്ല. എന്നാൽ 2011-12,

LIBRARY ARCHIVES Kerala Legislative Assembly

2012-13, 2013-14 എന്നീ വർഷങ്ങളിൽ പാട്ട കൃഷി ചെയ്തിരുന്ന കർഷകർക്ക് ഹെക്ടറിന് 25,000 രൂപ ധനസഹായവും ഭൂവുടമയ്ക്ക് ഹെക്ടറിന് 5,000 രൂപ ധനസഹായവും നൽകിയിട്ടുണ്ട്.

(ബി) കൃഷിഭവൻ മുഖാന്തിരം ദേശസാൽകൃത ബാങ്കുകൾ/സഹകരണ ബാങ്കുകൾ എന്നിവയിൽ നിന്ന് പാട്ടകൃഷി ചെയ്യുന്ന നെൽ കർഷകർക്ക് നബാർഡ് നിശ്ചയിച്ചിരിക്കുന്ന സ്കെയിൽ ഓഫ് ഫൈനാൻസ് പ്രകാരം വായ്പ നൽകുന്നുണ്ട്.

കാലവർഷക്കെടുതിയിൽ കൃഷി നാശം സംഭവിച്ചവർക്ക് നഷ്ടപരിഹാരം

208 (1578) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) കാലവർഷക്കെടുതിയിൽ കൃഷി നാശം സംഭവിച്ചവർക്ക് നഷ്ടപരിഹാരം ലഭിക്കാൻ നിലവിലുള്ള വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ;

(ബി) കുന്ദമംഗലം, പെരുവയൽ പഞ്ചായത്തുകളിലെ കൃഷിനാശം സംഭവിച്ച കർഷകർക്ക് അർഹമായ നഷ്ടപരിഹാരം ലഭിക്കാത്തതു സംബന്ധിച്ച പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കാമോ ?

ഉത്തരം

(എ) കാലവർഷക്കെടുതിയിൽ കൃഷിനാശം സംഭവിച്ചാൽ കർഷകർ നിശ്ചിത സമയത്തിനുള്ളിൽ (10 ദിവസത്തിനകം) കൃഷിഭവനിൽ അപേക്ഷ നൽകേണ്ടതാണ്. കർഷകർ നൽകുന്ന അപേക്ഷയും അനുബന്ധ രേഖകളും പരിശോധിക്കുകയും റവന്യൂ വകുപ്പ് ഉദ്യോഗസ്ഥരോടൊപ്പം കൃഷി വകുപ്പ് ഉദ്യോഗസ്ഥരും കൃഷിസ്ഥലം സന്ദർശിച്ച് ആവശ്യമായ പരിശോധനകൾ നടത്തുകയും ചെയ്തശേഷം നഷ്ടപരിഹാര തുക നിശ്ചയിച്ച് തുക അനുവദിക്കുന്നതിനായി പ്രിൻസിപ്പൽ കൃഷി ഓഫീസിൽ ക്ലെയിം സമർപ്പിക്കുന്നു. റവന്യൂ വകുപ്പിന്റെ കീഴിലുള്ള സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിൽ (SDRF) നിന്നാണ് കൃഷിനാശത്തിന് ധനസഹായം നൽകുന്നത്. തുക അനുവദിച്ചു വരുന്നമുറയ്ക്ക് കർഷകർക്ക് ധനസഹായം നൽകി വരുന്നു.

(ബി) ഉണ്ട്. 2014-15-ലെ വേനൽമഴയ്ക്ക് 1,16,75,000 രൂപ ജില്ലാ കളക്ടർ അനുവദിച്ചിരുന്നു. പ്രിൻസിപ്പൽ കൃഷി ഓഫീസിൽ ആദ്യം ലഭിച്ച ക്ലെയിമുകളുടെ

LIBRARY ARCHIVES Kerala Legislative Assembly